## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 862 05.03.2018 - ൽ മറുപടിക്ക്**

# മലയോര ഹൈവേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഈ റോഡ് കടന്നു പോകുന്ന റൂട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പ്ലാച്ചേരി മുതൽ കല്ലുംകടവ് (പത്തനാപുരം) വരെയുള്ള പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ 47.90 കി. മീ. ഭാഗമാണ് മലയോര ഹൈവേ-യുടെ അലൈൻമെന്റിൽ ഉൾപ്പെടുന്നത്. കോട്ടയം ജില്ലയിൽ പ്ലാച്ചേരി മുതൽ കരിങ്കല്ലുമൂഴി വരെ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലുള്ള 7.50 കി. മീ - ഉം കരിങ്കല്ലുമൂഴി മുതൽ മുണ്ടക്കയം വരെ NH 183 A - യിലും ഉൾപ്പെടുന്നതാണ് മലയോര ഹൈവേ. |
| (ബി) | മലയോര ഹൈവേക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരി-ക്കുന്നത്; ഇതിന്റെ ഓരോ ജില്ലയിലേയും നിർമ്മാണ പ്രവൃത്തികൾ എങ്ങനെ നടപ്പാക്കാ-നാണ് ഉദ്ദേശിക്കുന്നത് ; | (ബി) | സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം മലയോര ഹൈവേയ്ക്ക് 3500 കോടി രൂപയുടെ in Principle Administrative Sanction നൽകിയിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും ലഭ്യമാക്കാ- |

നാണ് ഉത്തരവായിട്ടുള്ളത്. രണ്ട് ഘട്ടമായിട്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 26 റീച്ചുകൾ കണ്ടെത്തിയിട്ടുണ്ട്. ഒരു റീച്ച് കെ. എസ്. റ്റി. പി - യുടെ കീഴിലാണ്. 16 റീച്ചുകൾ രണ്ടാം ഘട്ടമായി ഏറ്റെടുക്കുന്നതാണ്.

(സി) റോഡ് നിർമ്മിക്കുമ്പോൾ നിലവിലുള്ള റോഡിന്റെ വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് റോഡ് നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) 12 മീറ്റർ വീതിയിൽ മലയോര ഹൈവേ നിർമ്മിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. മലയോര ഹൈവേയുടെ ഭാഗമായി നിർമ്മിക്കുന്ന റോഡുകൾ ഇൻവെസ്റ്റിഗേഷൻ നടത്തി രൂപകൽപന ചെയ്ത് ആധുനിക നിലവാരത്തിൽ 7 മീറ്റർ വീതിയിൽ ബി. എം. ആന്റ് ബി. സി ചെയ്ത് ആവശ്യമായ റോഡു സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

(ഡി) ആദ്യ ഘട്ടത്തിലെ 4 പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ മാർച്ച് മാസത്തിൽ പൂർത്തിയാക്കിയാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

**സെക്ഷൻ ഓഫീസർ**